# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 791 — 10.02.2016 -ൽ മറുപടിക്ക്

## ആശുപത്രികൾക്ക് എൻ.എ.ബി.എച്ച് അംഗീകാരം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഷാഫി പറമ്പിൽ :<br>,, സി. പി. മുഹമ്മദ് :<br>,, അൻവർ സാദത്ത് :<br>,, ആർ. സെൽവരാജ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സർക്കാർ ആശുപത്രികൾക്ക് എൻ.എ.ബി.എച്ച്. അംഗീകാരം ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ലഭിച്ചിട്ടുണ്ട്. ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയാണ് ആശുപത്രികളുടെ ഗുണനിലവാരം പരിശോധിച്ച് എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ നൽകുന്നത്. ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ്.<br>എറണാകുളം ഗവൺമെന്റ് ജനറൽ ആശുപത്രി, തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ചേർത്തല താലൂക്ക് ആശുപത്രി, കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തിരുവനന്തപുരത്തെ റീജിയണൽ ക്യാൻസർ സെന്റർ, പാലക്കാട് ഷോർണ്ണൂരുള്ള ഐകോൺസ് ആശുപത്രി, എറണാകുളത്തുള്ള സി.എച്ച്.സി. പണ്ടപ്പിള്ളി, ബ്ലഡ് ബാങ്ക് ആലുവ, ജില്ലാ ആശുപത്രി കണ്ണൂർ എന്നിവയ്ക്ക് കേന്ദ്ര ഗവൺമെന്റിന് കീഴിലുള്ള ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ എൻ.എ.ബി.എച്ച് അക്രഡിറ്റേഷൻ ലഭിക്കുകയുണ്ടായി.<br>2014 -ൽ ജനറൽ ആശുപത്രി എറണാകുളത്തിന്റെ എൻ.എ.ബി.എച്ച് അക്രഡിറ്റേഷൻ ഗുണനിലവാര പരിശോധനയുടെ അടിസ്ഥാനത്തിൽ ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ മൂന്ന് വർഷത്തേയ്ക്ക് പുതുക്കി നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത അംഗീകാരം ലഭിക്കുന്നതിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ആശുപത്രികളിൽ ഒരുക്കിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) താഴെ പറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തിയതിനു ശേഷമാണ് ഈ ആശുപത്രികൾക്ക് എൻ.എ.ബി.എച്ച് അംഗീകാരം ലഭിച്ചത്.<br>* അക്രഡിറ്റേഷൻ നൽകുന്നതിന്റെ ഭാഗമായി അക്രഡിറ്റേഷൻ ലഭിച്ച ആശുപത്രികളിലെ എല്ലാ ജീവനക്കാർക്കും പരിശീലനം നൽകി. |

* രോഗികൾക്ക് ആവശ്യമായ നിർദ്ദേശം നൽകുന്ന തിനായി ആശുപത്രിയുടെ ലേ ഔട്ട്, സൈനേജ് ബോർഡുകൾ സ്ഥാപിച്ചു.
* ആശുപത്രിയുടെ ഒരു പൂർണ്ണവിവരണം അടങ്ങുന്ന മാർഗ്ഗദർശികൾ സ്ഥാപിച്ചു.
* രോഗികളുടെ അവകാശങ്ങളും പാലിക്കേണ്ട കടമ കളും പ്രദർശിപ്പിക്കാനുള്ള സംവിധാനം.
* ടോക്കൺ സിസ്റ്റം നടപ്പിലാക്കി.
* ഒ.പി. യുടെയും അത്യാഹിത വിഭാഗത്തിന്റെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി.
* ഒ.പി. വിഭാഗത്തിൽ രോഗികൾക്ക് വിശ്രമ സ്ഥലം.
* രോഗികൾക്ക് ശുദ്ധമായ കുടിവെള്ളം നൽകുന്ന തിന് നടപടി സ്വീകരിച്ചു.
* വീൽചെയറുകളും, ട്രോളി തുടങ്ങിയവ രോഗിക ളുടെ ആവശ്യത്തിനായി സജ്ജമാക്കി.
* രോഗികൾക്ക് വീൽചെയറുകളും ട്രോളിയും സേഫ്റ്റി ബെൽറ്റ് കൊണ്ട് സുരക്ഷിതമായി സജ്ജീകരിച്ചിരിക്കുന്നു.
* അത്യാഹിത വിഭാഗം അതുപോലെ ഒ.പി. എന്നി വയുടെ പ്രവേശന കവാടങ്ങൾ വീൽ ചെയറും ട്രോളിയും അനായാസം കൈകാര്യം ചെയ്യാൻ തക്കവണ്ണം സജ്ജീകരിച്ചു.
* അത്യാഹിത വിഭാഗത്തിലുള്ള രോഗികളുടെ സ്വകാര്യത ഉറപ്പ് വരുത്തുന്നു.
* ദുരന്തനിവാരണ നിയന്ത്രണത്തിന് പരിശീലനം ജീവനക്കാർക്ക് നൽകി.
* മുലയൂട്ടുന്ന അമ്മമാർക്ക് വേണ്ടി അവരുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന പ്രത്യേക മുറികൾ തയ്യാറാക്കി.
* ആശുപത്രികളിലെ അണുബാധ നിയന്ത്രിക്കുന്ന തിനുള്ള നടപടികൾ നടപ്പിലാക്കി.
* രോഗികൾക്കായി ഉപയോഗിക്കുന്ന ഉപകരണ ങ്ങൾ രോഗാണു വിമുക്തമാക്കിയ ശേഷം മാത്രമേ ഉപയോഗിക്കാറുള്ളൂ എന്ന് ഉറപ്പ് വരുത്തുന്നു.
* ജൈവ മാലിന്യങ്ങളും അല്ലാതെയുമുള്ള മാലിന്യ ങ്ങളും വേർതിരിച്ച് നീക്കം ചെയ്യുകയും നിയമം അനുശാസിക്കുന്ന രീതിയിൽ നിർമ്മാർജ്ജനം ചെയ്യുകയും ചെയ്യുന്നു.

(.....3)

* ബയോമെഡിക്കൽ മാലിന്യങ്ങൾ കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന പ്രകാരം നിർമ്മാർജ്ജനം ചെയ്തു .
* രോഗീപരിചരണ വിഭാഗങ്ങളിൽ എൽബോ ടാപ്പുകൾ സ്ഥാപിച്ചു.
* രോഗികൾക്കും ആശുപത്രി ജീവനക്കാർക്കും വേണ്ട സുരക്ഷാ നടപടികൾ സ്വീകരിച്ചു.
* രോഗികൾക്കായി കേസ് റിക്കോർഡുകൾ ഏകീകരിച്ചു.
* പദ്ധതി പ്രകാരം രോഗികൾക്ക് ശരിയായ രീതിയിലുള്ള ചികിത്സാ സൗകര്യം സമയ ബന്ധിതമായി ആവിഷ്കരിച്ചു വരുന്നു .
* ശരിയായ രീതിയിലുള്ള രോഗീപരിചരണം, മരുന്നു വിതരണം എന്നിവ നടപ്പിലാക്കി.
* ലബോറട്ടറി പരിശോധനകളുടെ കൃത്യത ഉറപ്പു വരുത്തി.
* ലാബുകളിൽ രോഗിയുടെ രക്തം സ്വീകരിക്കുന്നതു മുതൽ റിസൽട്ട് കൊടുക്കുന്നതുവരെയുള്ള എല്ലാ പ്രക്രിയകളും ഒരു ചിട്ടപ്പെടുത്തിയ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ചെയ്തു വരുന്നു.
* ലബോറട്ടറിയിൽ ലഭ്യമാകുന്ന എല്ലാ സേവനങ്ങളും വിലനിലവാരവും ലാബിന്റെ മുൻഭാഗത്ത് പ്രദർശിപ്പിച്ചു.
* എല്ലാ രോഗനിർണ്ണയ ഉപകരണങ്ങളും കാലിബ്രേഷൻ നടത്തി.
* ഇതുകൂടാതെ ആശുപത്രികളിൽ അറ്റകുറ്റപണികൾ നടത്തി. ആശുപത്രി കെട്ടിടങ്ങൾ നവീകരിച്ചു.
* കേടായ ഉപകരണങ്ങൾ നന്നാക്കി.
* അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിച്ചു.
* അനൗൺസ്മെന്റ് സംവിധാനം നടപ്പാക്കി.
* രോഗികളുടെ റെക്കോഡുകൾ സൂക്ഷിക്കാനുള്ള സംവിധാനം.
* ഓരോ ജീവനക്കാർക്കും പ്രത്യേകം പേഴ്സണൽ റെക്കോഡുകൾ തയ്യാറാക്കി.
* മരുന്നുകളുടെ കൃത്യമായ ഉപയോഗം ഉറപ്പാക്കുന്നതിനായി ഡ്രഗ്ഫോർമുലറി രൂപീകരിച്ചു.

* പേരുകളിലും രൂപത്തിലും സാദൃശ്യം പുലർത്തുന്നതുമായ മരുന്നുകൾ തരംതിരിച്ച് ക്രമീകരിച്ചിരിക്കുന്നു.

* ഫ്രിഡ്ജിന്റെ താപനില അളന്ന് ശരിയായ പ്രവർത്തനം ആണോയെന്ന് വിലയിരുത്തുന്നു.

* അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്തുന്നു.

* വാർഡുകളിലും ഫാർമസിയിലും മരുന്നുകൾ പ്രത്യേകം തയ്യാറാക്കിയ കണ്ടയിനറുകളിൽ സൂക്ഷിച്ചിരിക്കുന്നു.

* ഫാർമസിയിൽ ശുചിത്വവും വായുസഞ്ചാരവും ഉള്ളതുമായ അറകളിൽ മരുന്നുകൾ സൂക്ഷിച്ചിരിക്കുന്നു.

* നാർക്കോട്ടിക് മരുന്നുകൾ ദുരുപയോഗം ചെയ്യാത്ത രീതിയിൽ സുരക്ഷിതമായി ക്രമീകരിച്ചിരിക്കുന്നു.

* മരുന്നുകളുടെ പാർശ്വഫലങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കി.

* രോഗികളെക്കുറിച്ചുള്ള വിവര സാങ്കേതിക സംവിധാനം നടപ്പാക്കി.

* രോഗികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് ആശുപത്രികളിൽ മേൽ നടപടികൾ സ്വീകരിച്ചു വരുന്നു.

* ഗുണനിലവാര പ്രവർത്തനങ്ങൾ ഉറപ്പ് വരുത്തുന്നതിനായി തുടർച്ചയായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും മേൽനോട്ടം നടത്തി വരുന്നു.

* പൗരാവകാശ രേഖയുടെ പകർപ്പ് ആശുപത്രിയുടെ പ്രധാന ഭാഗങ്ങളിൽ പ്രദർശിപ്പിച്ചിരിക്കുന്നു.

* എല്ലാ ജീവനക്കാർക്കും തുടർപരിശീലനം നടപ്പിലാക്കി.

* കൂടാതെ ദേശീയ ആരോഗ്യ പദ്ധതികൾ കൃത്യമായി നടപ്പിലാക്കുകയും ചെയ്യുന്നു.

(.....5)

| | | |
|---|---|---|
| (സി) ഏതെല്ലാം ആശുപത്രികൾ ക്കാണ് ഈ അംഗീകാരം ലഭിച്ചത് ; വിശദമാക്കുമോ ? | (സി) | |

| | |
|---|---|
| ജനറൽ ആശുപത്രി | എറണാകുളം ഗവൺമെന്റ് ജനറൽ ആശുപത്രി |
| ജില്ലാ ആശുപത്രി | ജില്ലാ ആശുപത്രി, കണ്ണൂർ |
| താലൂക്ക് ആശുപത്രി | ചേർത്തല താലൂക്ക് ആശുപത്രി |
| സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി | തിരുവനന്തപുരം തൈക്കാടുള്ള സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി |
| ക്യാൻസർ സെന്റർ | തിരുവനന്തപുരത്തെ റീജിയണൽ ക്യാൻസർ സെന്റർ. |
| സ്വാശ്രയ സ്ഥാപനം | പാലക്കാട് ഷൊർണ്ണൂറുള്ള ഐകോൺസ് ആശുപത്രി |
| സി.എച്ച്.സി. | എറണാകുളത്തുള്ള സി.എച്ച്.സി. പണ്ടപ്പിള്ളി |

(ഒപ്പ്)

സെക്ഷൻ ഓഫീസർ